


# ഓശാനത്തിരുന്നാൾ

(മത്തായി 21:1 – 17 (20:29 – 21:22))

Vol. 10, Issue: 48

റവ. ഫാ. ഷിബി കാട്ടിക്കുളക്കാട്ട് MCBS

ഇന്ന് ഓശാനത്തിരുനാൾ. മലയാളികൾക്ക് കുരുത്തോല തിരുനാൾ. വിശുദ്ധവാരത്തിലെ ആദ്യ ദിനം. ദൈവാലയങ്ങളിൽ ഏറ്റവുമധികം വിശ്വാസികൾ ഒത്തുകൂടുന്ന ദിനങ്ങളിലൊന്ന്. വെഞ്ചരിച്ച കുരുത്തോലകൾ കൈകളിലേന്തി, ഈശോയുടെ ജറുസലേമിലേയ്ക്കുള്ള രാജകീയപ്രവേശനത്തെ അനുസ്മരിച്ചുകൊണ്ട് ഓശാനഗീതങ്ങൾ ആലപിച്ച് പ്രദക്ഷിണമായി നീങ്ങുന്ന സുദിനം. കഴിഞ്ഞ ഒട്ടനവധി ഓശാനത്തിരുനാളുകളുടെ നിറമുള്ള ഒരുപിടി ഓർമ്മകളുമായാണ് ഇന്നു നാം 2020 - ലെ ഓശാനത്തിരുനാളിൽ ആയിരിക്കുന്നത്. എന്നാൽ, ഒരു കാര്യം ഉറപ്പാണ്. നമ്മുടെ ജീവിതാവസാനം വരെ ഏറ്റവും തെളിമയോടെ നാം ഓർത്തിരിക്കാൻ പോരുന്ന ഓശാനത്തിരുനാളാകാൻ പോവുകയാണ് ഈ ഓശാനത്തിരുനാൾ. കാരണം, ഇന്ന് ദൈവാലയത്തിൽ വിശുദ്ധ ബലിയ്ക്കുള്ള മണികളില്ല, ഒരുമിച്ചുള്ള ബലിയർപ്പണമില്ല, ഓശാനഗീതങ്ങളോ കുരുത്തോല പ്രദക്ഷിണമോ ആരവങ്ങളോ ഇല്ല. ദൈവാലയങ്ങൾ ശൂന്യമാണ്. വൈദികൻ മാത്രം വിശുദ്ധ ബലിയർപ്പിച്ചു പ്രാർത്ഥിക്കുന്നു. ലോകത്തെ മുഴുവൻ ഇത്രമാത്രം നിശ്ചലമാക്കിയ ഓശാനത്തിരുനാൾ ജീവിതത്തിലൊരിക്കൽപ്പോലും കണ്ടിട്ടില്ല; ഇനി കാണുമെന്നും കരുതുന്നില്ല.

ഈ യാഥാർത്ഥ്യങ്ങൾക്കു മുമ്പിൽ ഈറൻമിഴികളുമായി നിൽക്കുന്ന ഓരോ വിശ്വാസിയുടെയും ചിന്തകൾ എന്നത്തെയും പോലെ 2020 - ലെ ഈ ഓശാനത്തിരുനാളും നയിക്കുന്നത് ജറുസലേമിലേയ്ക്കാണ്. ദൈവീകരഹസ്യങ്ങളുടെ ചുരുളഴിയുന്ന പ്രതീക്ഷയുടെ ഒരു സംഭവത്തിലേയ്ക്ക് - ഈശോയുടെ രാജകീയപ്രവേശനത്തിലേയ്ക്ക്. ആ വർഷം വസന്തകാലത്ത് രണ്ട് പെസഹാത്തിരുനാളിനോടടുത്ത് രണ്ട് ഘോഷയാത്രകൾക്ക് ജറുസലേം നഗരം സാക്ഷ്യം വഹിച്ചു. ഒന്ന്, നമുക്ക് സുപരിചിതമായ ഈശോയുടെ രാജകീയപ്രവേശനം. തന്റെ പരസ്യജീവിതത്തിന്റെ അവസാനം മഹത്വീകരണത്തിന്റെ സമയമാകുമ്പോൾ സഖറിയ 9:9 നിറവേറുമാറ് സീയോന്റെ രാജാവ്, പ്രതാപവാനും ജയശാലിയുമായവൻ വിനയാന്വിതനായി കഴുതക്കുട്ടിയുടെ പുറത്തേറി ജയാരവങ്ങളോടെ നഗരത്തിൽ പ്രവേശിക്കുന്നു. സമുദ്രനിരപ്പിൽ നിന്നും ഏകദേശം എഴുന്നൂറോളം അടി താഴെയുള്ള ഗലീലിയിൽ തന്റെ പ്രവർത്തനങ്ങളെ കേന്ദ്രീകരിച്ച ഈശോ, 2500 - ഓളം അടി ഉയരമുള്ള ജറുസലേമിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഭൂമി പോലും അവിടുത്തെ ഉയർത്തപ്പെടലിനെ പ്രഘോഷിക്കുകയാണ്. ജറുസലേമിനു കിഴക്കുള്ള ഒലിവുമലയുടെ താഴ്‌വാരത്തു നിന്നാരംഭിച്ച ഈ ഘോഷയാത്രയിൽ അധികവും നഗരത്തിനു പുറത്തുവസിച്ചിരുന്ന സാധാരണക്കാരും കർഷകരുമായിരുന്നു. ഈ സാധാരണത്വത്തിനിടയിലും കഴുതയും (1 രാജാ. 1:33 - 34), അതിനുമുകളിൽ വസ്ത്രവും (2 രാജാ. 9:13), ഓശാന വിളികളും (സങ്കീ. 118:26) ഒലിവിൻചില്ലകളുമെല്ലാം രാജത്വത്തിന്റെ തെളിമയുള്ള പ്രതീകങ്ങളായി വിളങ്ങുമ്പോൾ സംഭവിക്കുന്ന കാര്യങ്ങളിലുള്ള ഈശോയുടെ നിയന്ത്രണവും ആധികാരികതയും അവിടുത്തെ മഹത്വത്തിന്റെ പ്രഘോഷണമായി മാറുന്നു. മാത്രമല്ല, അവിടുത്തെ മഹത്വപൂർണ്ണമായ മരണത്തിനു മുമ്പുള്ള - ബലിക്കു മുമ്പുള്ള ബലിമൃഗത്തിന്റെ, പാപം നീക്കുന്ന ദൈവപുത്രന്റെ കുഞ്ഞാടിന്റെ (യോഹ. 1:36) മഹത്വപൂർണ്ണമായ പരസ്യപ്പെടുത്തലും.

നമുക്കിന്ന് പരിചിതമായ ഈശോയുടെ രാജകീയപ്രവേശനം ജറുസലേം നിവാസികൾക്ക് ഒരു പുതിയ അനുഭവമായിരുന്നു. കിഴക്കുനിന്ന് ആരംഭിച്ച ഈശോയുടെ യാത്രയ്ക്ക് നേരെ വിപരീതമായി അവർക്ക് സുപരിചിതമായ മറ്റൊരു രാജകീയ വിളംബരയാത്ര പെസഹായ്ക്കു മുമ്പ് ജറുസലേമിലേയ്ക്ക് നടന്നിരുന്നു. ജറുസലേമിന് അറുപതു മൈൽ പടിഞ്ഞാറുള്ള കേസറിയായിൽ നിന്നും ഇദുമയ, യൂദയ, സമറിയ പ്രദേശങ്ങളുടെ ഗവർണ്ണറായ പീലാത്തോസിന്റെ ഘോഷയാത്രയായിരുന്നു അത്. ഈശോയുടെ യാത്ര ദൈവരാജ്യത്തിന്റെ പ്രഘോഷണമായിരുന്നെങ്കിൽ പീലാ

ത്തോസിന്റെ മാർച്ച് റോമാസാമ്രാജ്യത്തിന്റെ അധികാരത്തിന്റെ പ്രഖ്യാപനമായിരുന്നു. ചക്രവർത്തി ഒരു ഭരണാധികാരി മാത്രമല്ല, ദൈവത്തിന്റെ പുത്രനാണെന്നുള്ള പ്രഖ്യാപനവും ആ സൈനിക നീക്കത്തിലുണ്ട്. ഭൂമിയിൽ സമാധാനം സ്ഥാപിച്ചെന്നു പറയുന്ന അഗസ്റ്റസ് സീസർ അപ്പോളോ ദേവന്റെ മകനാണെന്ന് അവകാശപ്പെടുകയും കർത്താവ്, രക്ഷകൻ എന്നെല്ലാം വിളിക്കപ്പെടുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഭരണത്തുടർച്ചയായുള്ള റോമിന്റെ ശക്തിയും പ്രൗഢിയും വിളിച്ചോതുന്ന ആ വിളംബര യാത്രയിൽ കുതിരകളും കുതിരപ്പടയാളികളും കാലാൾപ്പടയുമെല്ലാം വലിയ സന്നാഹങ്ങളോടെ അണിനിരന്നിരുന്നു. ആദ്യനൂറ്റാണ്ടിലെ യൂദയാ ദേശക്കാർക്ക് ഈ സൈനികനീക്കം സുപരിചിതമായിരുന്നു. കാരണം, യഹൂദരുടെ പ്രധാനപ്പെട്ട തിരുനാളുകൾ നടക്കുമ്പോൾ എന്തെങ്കിലും പ്രശ്നമുണ്ടായാൽ അത് പരിഹരിക്കുന്നതിന് റോമൻ ഗവർണ്ണർ ജറുസലേമിൽ വന്ന് ദൈവാലയത്തിനഭിമുഖമായി നിന്നിരുന്ന അന്റോണിയ കോട്ടയിൽ താമസിച്ചിരുന്നു.

ഈ രണ്ട് ഘോഷയാത്രകളെ അഥവാ വിശുദ്ധയാത്രകളെ നാം വിശകലനം ചെയ്താൽ ദൈവാശ്രയത്തിലാശ്രയിച്ച സാധാരണക്കാരായിരുന്നു ഈശോയ്ക്ക് ജയ് വിളിച്ചത് - ഓശാന പാടിയത്. അവർ ഈശോയിൽ വിശ്വസിക്കുകയും പ്രതീക്ഷയർപ്പിക്കുകയും ചെയ്തുകൊണ്ട് 'കർത്താവേ, ഞങ്ങളെ സഹായിക്കണമേ' എന്ന് അപേക്ഷിച്ചു. എളിയവനും വിനയാന്വിതനുമായ ഈശോയുടെ സാധാരണത്വത്തിൽ അവർ ദൈവത്തെ കണ്ടു. എന്നാൽ, റോമാ സൈന്യത്തിന്റെ യാത്ര അധികാരത്തിന്റെയും ശക്തിയുടെ യും ആഘോഷമായിരുന്നു. ഇവയ്ക്കു മുമ്പിൽ നിൽക്കുമ്പോഴും കർത്താവിനെ കാണാനും അവന്റെ കൂടെ നടന്ന് ഓശാന വിളിയുയർത്താനും സാധാരണ ജനത്തിനു സാധിച്ചുവെങ്കിൽ ദൈവാലയ ഭരണകർത്താക്കളും സമൂഹത്തിലെ പ്രബലരും അവരുടെ അധീശത്വം റോമിന്റെ ശക്തിക്കു തണലിൽ ഉറപ്പിക്കുന്നതിന് അവർക്ക് ഓശാന പാടുന്നവരായിരുന്നു.

ഇന്ന് ഭവനങ്ങളിലായിരുന്ന് ഏകാന്തതയിലും ഒറ്റപ്പെടലിലും ഓശാനത്തിരുനാൾ ആഘോഷിക്കുമ്പോൾ നാമോരോരുത്തരും നമ്മോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു - എന്റെ ജീവിതമാകുന്ന യാത്രയിൽ ഞാൻ ഏത് ഘോഷയാത്രയുടെ ഭാഗമാകാനാണ് ആഗ്രഹിക്കുന്നത് - സാധാരണത്വം മാത്രമുള്ള ഈശോയോടൊപ്പമോ അതോ പ്രൗഢിയും ആഡംബരവുമുള്ള സൈനികവൃന്ദത്തോടൊപ്പമോ? ജീവിതത്തിൽ എന്നും നിറങ്ങളെയും മോടികളെയും ആഡംബരങ്ങളെയും സുഖലോലുപതയെയും തേടുന്നവർക്ക് ഒന്ന് മാറി ച്ചിന്തിക്കാനുള്ള, ആ യാത്രയിൽ നിന്നും മാറിനടക്കാനുള്ള ഒരവസരമാണ് കൊറോണ ഒറ്റപ്പെടുത്തിയ 2020-ലെ ഈ ഓശാനത്തിരുനാളും വിശുദ്ധവാരവും. ജീവിതത്തിൽ നാം നൽകിയ മുൻഗണനാക്രമത്തിന് കഴിഞ്ഞ രണ്ടാഴ്ചകളിലായി വലിയ മാറ്റം വന്നിരിക്കുന്നു. സൗന്ദര്യമല്ല - ആരോഗ്യമാണ്, ആഘോഷമല്ല - പരസ്പര സംരക്ഷണമാണ്, ആഡംബരമല്ല - അത്യാവശ്യമാണ്, ഒത്തുകൂടലല്ല - നിലനിൽപാണ്, ഉല്ലാസമല്ല - ജീവിതമാണ് പ്രധാനമെന്ന് നാം തിരിച്ചറിഞ്ഞിരിക്കുന്നു. ഈശോയുടെ നിരയിൽ ചേരുന്നതാണ് ജീവിതത്തിന്റെ ആത്യന്തികവിജയമെന്ന് ഈ ദിനം നമുക്കോർക്കാം.

രണ്ടാമതായി, ഈശോയ്ക്ക് ഓശാന പാടിയ സാധാരണജനത്തോട് ചേർന്നുനിന്ന് നമുക്ക് അപേക്ഷിക്കാം, 'ഓശാന കർത്താവേ, ഞങ്ങളുടെ സഹായത്തിന് വരേണമേ.' ഈശോയ്ക്ക് ഓശാന പാടിയവർ 118-ാം സങ്കീർത്തനമാണ് ഉരുവിട്ടത്. ''കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ'' (V26). ''ഉന്നതങ്ങളിൽ ഹോസാന.'' യഹൂദരുടെ കൂടാരത്തിരുനാൾ സമയത്ത് പ്രദക്ഷിണമായി നീങ്ങുന്ന ജനം തങ്ങളുടെ സഹായത്തിന് ഈ സങ്കീർത്തനം ആലപിച്ചിരുന്നു. ആദ്യനാളുകളിൽ പുരോഹിതർ തിരുനാളിന്റെ ഏഴാം ദിവസം ബലിപീഠത്തെ വലംവയ്ക്കുമ്പോൾ വരും വർഷം നല്ല കാലാവസ്ഥയും വിളവുകളും ലഭിക്കുന്നതിന് 'ദൈവമേ, ഞങ്ങളുടെ സഹായത്തിന് വരേണമേ' എന്ന് തുടർച്ചയായി വിളിച്ചു പ്രാർത്ഥിച്ചിരുന്നു. ഈ പ്രാർത്ഥനയാണ് ഈശോയോടൊപ്പം കൂടിയ ജനം അവനിൽ രക്ഷകനെ കണ്ടുകൊണ്ട് ഏറ്റെടുത്ത് അപേക്ഷിച്ചത്.

കോവിഡ്-19 താണ്ഡവമാടുന്ന 2020-ലെ ഈ ഓശാനത്തിരുനാൾ ദിനം ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കാനും തിരുക്കർമ്മങ്ങളിൽ പങ്കെടുക്കാനും സാധിക്കാത്ത അവസ്ഥയിൽ നമുക്കും വിളിക്കാം - 'ഹോസാന... ദൈവമേ, ഞങ്ങളുടെ സഹായത്തിന് വരേണമേ.'

പ്രിയപ്പെട്ടവരുടെ വേദനകളിൽ ഒന്ന് കൂടെനിന്ന് സഹായിക്കാൻ പോലും സാധിക്കാതെ വേദനിക്കുന്നവരോട് ചേർന്ന് നമുക്കും വിളിച്ചപേക്ഷിക്കാം - 'ഹോസാന... ദൈവമേ, ഞങ്ങളുടെ സഹായത്തിന് വരേണമേ.'

നിറപ്പകിട്ടാർന്ന സ്വപ്നങ്ങളുമായി ജീവിതത്തെ മുന്നോട്ടുനയിക്കുമ്പോൾ അപ്രതീക്ഷിതമായി വന്ന രോഗത്താൽ വേദനയോടെ ഒറ്റപ്പെടലിന്റെ ഏകാന്തതയിൽ മരണത്തെ മുന്നിൽ കാണുന്നവരോടു ചേർന്ന് പ്രാർത്ഥിക്കാം - 'ഹോസാനാ.'

പ്രിയപ്പെട്ടവരുടെ മരണനേരത്ത് ഒന്ന് അടുത്തിരിക്കാനോ മരണശേഷം നല്ല രീതിയിൽ അന്ത്യകർമ്മങ്ങൾ ചെയ്യാനോ ആവാതെ വേദനിക്കുന്നവരോടു ചേർന്ന് അപേക്ഷിക്കാം - 'ഹോസാനാ.'

അപ്രതീക്ഷിതമായുണ്ടായ ജോലി നഷ്ടത്തിലും സാമ്പത്തിക പ്രതിസന്ധികളിലും ഉഴലുന്നവരോടു ചേർന്ന് പ്രാർത്ഥിക്കാം - 'ഹോസാന.'

യാത്ര ചെയ്യാനാവാതെ ഭവനങ്ങളിൽ നിന്നും വിച്ഛേദിക്കപ്പെട്ടവരോടു ചേർന്ന് പ്രാർത്ഥിക്കാം - 'ഹോസാന.'

ചില നല്ല കാര്യങ്ങൾ ആരംഭിച്ചശേഷം എല്ലാം സ്തംഭിക്കപ്പെട്ട് മുമ്പിൽ അന്ധകാരം മാത്രമുള്ളവരോടു ചേർന്ന് നമുക്കും വിളിക്കാം - 'ഹോസാന.'

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ഫ്രാൻസിസ് മാർപാപ്പ മാർച്ച് 27-നു നൽകിയ Urbi et Orbi ആശീർവാദസമയത്ത് സെന്റ് പീറ്റേഴ്സ് ചത്വരം വിജനമായിരുന്നുവെങ്കിലും അനേകലക്ഷങ്ങൾ ആത്മനാ അതിൽ പങ്കുകൊണ്ടു. ആരാധനാ മധ്യേയുള്ള സന്ദേശത്തിൽ, ചില തകർച്ചകളുടെ നിമിഷങ്ങളിലാണ് മനുഷ്യജീവിതത്തിന്റെ നിസ്സാരത നാം മനസ്സിലാക്കുന്നതെന്ന് ഓർമ്മിപ്പിച്ച അദ്ദേഹം, ഭയത്തിനു പകരം വിശ്വാസത്തോടെ നമ്മുടെ ജീവിതത്തിലേയ്ക്ക് ഈശോയെ ക്ഷണിക്കാൻ ആഹ്വാനം ചെയ്തു. കാരണം, അവൻ ഇന്നും ജീവിക്കുന്നവനാണ്. ഈ വിശ്വാസമാണ് ജീവിതത്തിലെ ഏത് പ്രതിസന്ധികളിലും അവനെ വിളിച്ചപേക്ഷിക്കാനും അവനോട് ചേർന്നുനടക്കാനും നമുക്ക് പ്രചോദനവും ശക്തിയും നൽകുന്നത്. ജീവിതത്തിലെ ഒറ്റപ്പെടലുകളും നിസ്സഹായാവസ്ഥകളും വേദന നൽകുന്നതാകാം. പക്ഷേ, അവയാണ് ഏറ്റവും ഉച്ചത്തിലും ഉറപ്പിലും ദൈവത്തെ വിളിക്കാനും അവനോട് ചേർന്നുനിൽക്കാനും നമ്മെ പ്രാപ്തരാക്കുന്നത്. ഒറ്റപ്പെടലിന്റെ ഈ ഓശാനത്തിരുനാളിലും വിശുദ്ധവാരത്തിലും നമുക്കതിനു സാധിക്കട്ടെ.